**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അട്ടപ്പാടിയിൽ അർഹരായവർക്ക് പെൻഷൻ അനുവദിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 485/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 20.02.2017.

---

പരാമർശം - (1) സാമൂഹ്യസുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട് TISS Kerala Centre 10.4.2016 ന് ലഭ്യമാക്കിയ നോട്ട്.

(2) 16.11.2016 ൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗനടപടി കുറിപ്പുകൾ.

**ഉത്തരവ്**

തിരുവനന്തപുരം ആസ്ഥാനമായുള്ള TISS കേരള സെന്റർ എന്ന സ്ഥാപനം അട്ടപ്പാടിയിലെ എസ്.ടി.പ്രൊമോട്ടർ, കുടുംബശ്രീ ആനിമേറ്റർമാർ, ആശാവർക്കർമാർ, അങ്കണവാടി വർക്കർമാർ, വനംവകുപ്പിലെ വാച്ചർമാർ എന്നിവരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള "Convergnce" എന്ന പരിശീലന പരിപാടിയിലെ ആഗസ്റ്റ് മാസത്തെ വിഷയം സാമൂഹ്യ സുരക്ഷ പെൻഷനുമായി ബന്ധപ്പെട്ട കാര്യങ്ങളായിരുന്നു. പ്രസ്തുത പരിശീലന പരിപാടിയുടെ അടിസ്ഥാനത്തിൽ സൂചന ഒന്ന് പ്രകാരം ലഭ്യമാക്കിയ നോട്ടിൽ, അട്ടപ്പാടിയിൽ പെൻഷൻ കിട്ടുവാൻ അർഹതയുള്ള പലർക്കും പെൻഷൻ കിട്ടുന്നില്ലെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2. സൂചന രണ്ടിലെ യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പെൻഷനുവേണ്ടിയുള്ള അപേക്ഷകൾ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി ശേഖരിച്ച് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിക്ക് നൽകുവാനും, ആയതിന്മേൽ ഒരു മാസത്തിനുള്ളിൽ പഞ്ചായത്ത് സെക്രട്ടറി തീരുമാനമെടുക്കുവാനും വേണ്ട നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർ നൽകേണ്ടതാണ്.

4. പെൻഷൻ അപേക്ഷകളിലെ അപ്പീൽ അധികാരി ഒറ്റപ്പാലം സബ് കളക്ടറായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

റ്റി.പി.വിജയകുമാർ

സ്പെഷ്യൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

സാമൂഹ്യനീതി വകുപ്പ്.

റവന്യൂ വകുപ്പ്.

സബ് കളക്ടർ, ഒറ്റപ്പാലം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ